

# കാഴ്ച 2024

## കെ. സി.പി.എച്ച് എസ് എസ് കാവശ്ശേരി




## ഡിജിറ്റൽ മാഗസിൻ

ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം

2023 -2024

# "വെളിച്ചമെ   നയിച്ചാലും"







പ്രിൻസിപ്പാൾ



ഹെഡ്മിസ്ട്രസ്



മാനേജർ



പി.ടി.എ പ്രസിഡൻറ്



എം.പി.ടി.എ പ്രസിഡൻറ്




# കൈറ്റ് മിസ്ട്രസ്സ്






# അവൾ, കടൽ

അവളുടെ തിരകൾ തേടിപോയത്
നീതിയെയാണ്,
ചവറുകൾക്കുമേൽ കുത്തിയൊഴുകി
അവ,
ആ പരന്ന ആകാശത്തേയ്ക്ക്
പടർന്നു കയറിയേക്കാം.

വരണ്ടു പിളർന്ന നിഴലുകളിലേയ്ക്ക്
ലയിച്ചിറങ്ങിയപ്പോൾ,
ഏതോ കവിയുടെ കാൽപാടുകൾ
കുറിച്ചു വച്ചു,
"ഭൂമിയുടെ മുടിയിഴകളാണവൾ!"

**മിൻഹ എസ്**





## പ്രതീക്ഷ




=======


ഇരുൾ തൊപ്പി പൊക്കി തണുത്ത പ്രഭാതം മെല്ലെ ചിരിച്ചു. മഞ്ഞുതുള്ളികൾ എന്റെ സ്വന്തമെന്ന് പ്രഭാതം. അത് എന്റെ അഭിമാനമാണ്. നിനക്ക് പറയാൻ ഒരു പാട്ടുണ്ടെന്ന്എനിക്കറിയാം. ജീവിതം നിസ്സാരമെന്ന് നീ പറഞ്ഞു നിർത്തുമ്പോൾ ഒരു നിമഷം മാത്രം ജീവിക്കുന്ന നീ എന്തെല്ലാം മനോഹാരിതയാണ് സമ്മാനിക്കുന്നത്. പുല്ലിനു പോലും നീ കിരീടം ചൂടുകയും, പൂക്കളെ സുന്ദരമാക്കുകയും ചെയ്യുന്ന നിന്നിലൂടെ നടക്കാൻ എനിക്കിഷ്ടമാണ്. എന്നാൽ എന്തിനോ വേണ്ടി വളരെ നാളായി ഓടുകയാണ് ഞാനും എന്റെ കൂട്ടുകാരും അവിടെ കുന്നില്ല, തടാകമില്ല, നീരൊഴുക്കില്ല, തണുത്ത കാറ്റും മഞ്ഞുതുള്ളിയുമില്ല. മന. പൂർവ്വമല്ല എല്ലാം തിരക്കു കൊണ്ടാണ്. ഒരു പക്ഷേ നിങ്ങൾ പോലും ഞങ്ങളെ നോക്കി ചിരിക്കുന്നുണ്ടാവും, ഹാ! ഈ ഓട്ടം എങ്ങോട്ട്?, ഒടുവിൽ കാത്തിരിക്കുന്നതെന്ത്? എന്നൊക്കെ നീ ചിന്തിക്കുന്നുണ്ടാവാം എങ്കിലും ഞാൻ വിശ്വസിക്കുന്നു നിങ്ങളെ ഞങ്ങൾ തലോടുകയും നിങ്ങളോടൊപ്പം ഇരിക്കുകയും ചെയ്യുന്ന ഒരു നാൾ ഉണ്ടെന്ന്. അന്ന് എല്ലാം ശുഭമാവട്ടെ.




ആർഷ. കെ.എസ്








# ഭൂമിയ്ക്കൊരു പാവാട

സ്വന്തം വ്രണം മറയ്ക്കാൻ
ഭൂമിക്കൊരു പാവാടവേണം.
കർഷകനും ഡോക്ടറും
തൊഴിൽരഹിതരും
ഒന്നിച്ച് തുന്നിയ പാവാട.

അനാമിക എസ്







# വിയർപ്പ്



"മനു..." അമ്മ അവനെ നീട്ടിവിളിച്ചു. മനുവിന് തന്റെ അമ്മയെ തീരെ ഇഷ്ടമല്ല. അമ്മ അവന്റെ ആഗ്രഹങ്ങളെല്ലാം സാധിച്ചുകൊടുക്കും. ഒരിക്കൽ അമ്മ കോളേജിൽ മനുവിന് തന്റെ കൈകൊണ്ടുണ്ടാക്കിയ രുചിയേറിയ ഭക്ഷണം കൊടുക്കാൻ വന്നു..ഇത്രയും കുട്ടികളുടെ മുന്നിൽ ഇതെന്റെ അമ്മയാണെന്ന് പറയാൻ അവനൊരു മടി. അവൻ തന്റെ അമ്മയുടെ കൈയ്യിൽ നിന്നും ഭക്ഷണം വാങ്ങി. എന്നിട്ട് അമ്മയോട് ദേഷ്യത്തിൽ മാറ്റിനിർത്തി പറഞ്ഞു. "നിങ്ങളെന്തിനാണ് ഇങ്ങോട്ട് വന്നത്? നിങ്ങളെ എന്റെ ഫ്രണ്ട്സ് കണ്ടാൽ നാണക്കേടാ... വേഗം പോയ്ക്കോ...". അവൻ പറഞ്ഞ വാക്കുകൾ കേട്ട് അമ്മയുടെ നെഞ്ചുപൊട്ടി. അവന്റെയച്ഛന് ക്യാൻസറായതുകൊണ്ട് അമ്മയാണ് ജോലിക്കുപോകാറ്. അന്നു വൈകുന്നേരം അച്ഛൻ അമ്മയോട് സംസാരിക്കുന്നത് മനു ഒളിഞ്ഞുനിന്ന് കേട്ടു. "അംബികേ.. തിങ്കളാഴ്ചയാണ് നമ്മുടെ മോന്റെ കോളേജിൽ ഫീസടക്കാനുള്ള അവസാനദിവസം, നമ്മളെങ്ങനെ ഫീസടക്കും?". " ഞാനടച്ചോളാം, ഈ മാസം ഞാൻ അധ്വാനിച്ച എല്ലാ കാശും ഞാനെടുത്ത് വച്ചിട്ടുണ്ട്" അമ്മ പറഞ്ഞു. ഇതൊന്നും കേൾക്കാത്ത ഭാവത്തിൽ അവൻ കിടന്നുറങ്ങാൻ പോയി. പിറ്റേദിവസം മനു കോളേജിൽ പോയി

തിരിച്ചുവരുമ്പോൾ തന്റെ കൂട്ടുകാരൻ ഒരു സ്ത്രീയെ കണ്ട് ചിരിക്കുന്നു. അവൻ നോക്കുമ്പോളതാ അത് അവന്റെ അമ്മയായിരുന്നു. ചളിയായ രൂമ്പ, ദേഹത്തെല്ലാം ചളി. ഇതവന് സഹിക്കാനായില്ല. രാത്രി അമ്മ വരുന്നതും കാത്ത് അവൻ നോക്കിയിരുന്നു.

പതിവുപോലെ അമ്മ വളരെയധികം ക്ഷീണിച്ചാണ് വന്നത്. അമ്മയെ കണ്ടതും അവൻ ഓടിച്ചെന്ന് കെട്ടിപിടിച്ചിട്ട് പറഞ്ഞു "അമ്മേ... നിങ്ങളെ ഞാൻ മനസ്സിലാക്കിയില്ലല്ലോ...".

ശ്രേയാ സന്തോഷ്
7E

# അമ്മതൻരോദനം



**പീഡനത്തിനിരയായി ഈ ലോകത്തോട് വിട പറഞ്ഞ പെൺമക്കളുടെ അമ്മമാരുടെ രോദനം**

എൻ മകളേ നിയെൻകരംവിട്ട്
എന്നെന്നേയ്ക്കുമായി യാത്ര
പറഞ്ഞിതോ?
തിരകെവരുവാനാകാഞ്ഞൊരിടത്തേ
യ്ക്ക്
നിചനാംരാക്ഷസൻ
കൊത്തിനുറുക്കിവിട്ടിതോ?
എൻകണ്ണിലെ
കൃഷ്ണമണിയാമുണ്ണിയെ
എന്തിനുനീ
തട്ടിപ്പറിച്ചുകൊണ്ടുപോയ്
കൈകാൽ വളരുന്നതും
നോക്കിനോക്കി
കൈയാം തൊട്ടിലിൽ
താലോലിച്ചുറക്കി
കണ്ണുകൾ തനയമേൽ ചേർത്തുവച്ച്
കണ്ണുംനട്ട്
കാത്തിരുന്നോരുമാതാവിന്
താൻതൻവേദന ഉള്ളിലൊതുക്കി
അതുമതന്നുയർച്ചയ്ക്കായിവെമ്പിയോ
ൾക്ക്
തീരാശോകം കൊടുത്തുപോയൊരു
കാമവെറിയാ മനഃസാക്ഷിസൂന്യാ
മനുഷ്യനെന്നപേരിനുകളങ്കംചാർത്തും
നീയൊരുഗ്രസർപ്പമോ? പേപ്പട്ടിയോ?
മാതൃത്വത്തെയും
സാഹോദര്യത്തെയും
കാമമെരിയും കണ്ണാൽ
നോക്കുന്നോനേ
സ്ത്രീയെന്നാൽ
നിമിഷനേരത്തിനുള്ളിൽ
തച്ചുടയ്ക്കാനുള്ള കേവലശില്പമല്ല
നീയെന്ന കാളകൂടത്തെയുംപെറ്റത്
പുണ്യവതിയാം ഒരമ്മതന്നെയല്ലേ?
സൃഷ്ടിതൻ അനശ്വരകർമ്മമത്രയും
സ്ത്രീയെന്ന പുണ്യാത്മാവിന്സ്വന്തം
സ്ത്രീത്വത്തെ നിരന്തരം വേട്ടയാടും
കൊടും ക്രൂരരാം കാപാലികന്മാരേ

നിൻ അന്തരംഗവും കരങ്ങളും
പിശാചിന്റേത്
മാത്രമായിത്തീർന്നിതോ?
വേദനിയ്ക്കും സ്ത്രീതൻമുറവിളിയാൽ
ചുട്ടുചാമ്പലാവും
ധരിത്രിയൊന്നാകെ
സ്ത്രീതന്നുടലിനെ കൊത്തിക്കീറും
കഴുകന്മാരേ മാപ്പില്ല നിങ്ങൾക്ക്
ഇഞ്ചിഞ്ചായുള്ള
മരണത്തിൽക്കുറഞ്ഞ
മറ്റൊരുപ്രതീഫലമില്ലീകൊടുംപാപിയ്ക്ക്
ഇനിയും പിച്ചിചീന്താതിരിയ്ക്കട്ടെ
സ്ത്രീത്വമെന്നപരമപവിത്രതയെ...

(എത്രനാര്യസ്തുപൂജ്യന്തേരമന്തേ
തത്രദേവതാഃ)



# മനസ്സ്

തിരമാല പോലെ ദുഃഖങ്ങൾ
എന്നിൽ അടിക്കുമ്പോഴും,
വീശുന്ന കാറ്റിൽ ഞാൻ
സന്തോഷം തേടുന്നു.

തീരത്തുനിന്ന് കിട്ടുന്ന
ചിപ്പികൾ പോൽ,
എൻ ഓർമ്മകൾ
എന്നോട് ചേരുന്നു.

തീരത്തെഴുതിയ പേര് പോൽ-
ജീവിതം, മാഞ്ഞ് പോകുന്ന നേരത്തും,
തഴുകിയുണർത്തുന്ന കാറ്റ് പോൽ
പുഞ്ചിരിയേകി ജീവിക്കണം

ബിൻസി ബാലൻ

# വീണ്ടും ഈ തീരത്ത്

കാർമേഘത്തിന്റെ ഇരമ്പലോടെ വന്ന
ആ കണ്ണീർ മഴയിൽ
അവളുടെ ബാല്യത്തിന്റെ
മധുരകാലവും ഒലിച്ചിറങ്ങി
വാവിട്ടു കരഞ്ഞുകൊണ്ട്
ചവർപ്പു പിടിച്ച യൗവനത്തെ
ഒരുപിടി കണ്ണുനീർ കൊടുത്ത്
അവൾ വിലയ്ക്കു വാങ്ങി
പെറുക്കിക്കൂട്ടിയ കുപ്പിവളകൾ പോലെ
ചില്ലുടഞ്ഞുപോയ ആ
ബാല്യകാലത്തെ
ഹൃദയത്തിന്റെ ഇരുൾപ്പെട്ടിയിൽ
അവൾ താഴിട്ടു പൂട്ടി
അനന്തതയുടെ പടിവാതിൽക്കൽ
അണയാത്ത വെളിച്ചവുമായ്
അവൾ നിമിഷങ്ങൾ താണ്ടി...



**നിഷാന**

# സ്നേഹം



പണ്ടൊരിക്കൽ അമ്മിണിയമ്മ എന്നൊരു അമ്മയുണ്ടായിരുന്നു. അമ്മിണയമ്മക്ക് ഒരു മകൻ ഉണ്ടായിരുന്നു. മകന്റെ പേര് അരുൺ എന്നായിരുന്നു. അരുൺ 7-ാം ക്ലാസ്സിൽ ആണ് പഠിക്കുന്നത്. അവന് ഒരു വയസ്സായപ്പോൾത്തന്നെ അവന്റെ അച്ഛൻ മരണപ്പെട്ടു. പിന്നീട് അവന്റെ അമ്മയാണ് അവനെ വളർത്തിയത്. തന്റെ മകൻ നല്ലനിലയിലെത്താൻ വേണ്ടി അമ്മിണിയമ്മ വെയിലും മഴയും വകവെക്കാതെ വളരെയധികം കഷ്ടപ്പെട്ടിരുന്നു. തന്റെ അമ്മയുടെ കഷ്ടപ്പാട് മനസ്സിലാക്കിയ മകൻ അമ്മ അറിയാതെ ജോലിക്ക് പോകാം എന്ന് തീരുമാനിച്ചു. പിറ്റേ ദിവസം തന്നെ അവൻ ജോലിക്ക് പോകാൻ തുടങ്ങി. അവൻ സ്കൂൾ വിട്ട് സ്പെഷ്യൽ ക്ലാസ് ഉണ്ടെന്ന് പറഞ്ഞ് ദിവസവും ജോലിക്ക് പോകും. പക്ഷേ, അമ്മിണിയമ്മ ഇതൊന്നും അറിഞ്ഞിരുന്നില്ല. രാവിലെ ഏഴ് മണിക്ക് വീട്ടിൽ നിന്നിറങ്ങിയാൽ ഇരുട്ടുമ്പോഴാണ് തിരിച്ചുവരുക. അവന്റെ സ്കൂളിലേക്കുള്ള ചിലവുകൾക്ക് വേണ്ടി അവന്റെ സമ്പാദ്യം ഉപയോഗിച്ചുതുടങ്ങി. അങ്ങനെയിരിക്കെ ഒരു ദിവസം അവൻ തന്റെ അമ്മയുടെ ചെരുപ്പ് കണ്ട് വളരെ സങ്കടപ്പെട്ടു. അമ്മക്ക് ഒരു ചെരുപ്പ് വാങ്ങാം എന്ന് കരുതി . അവൻ പിറ്റേദിവസം തന്നെ അമ്മക്ക് ഒരു നല്ല ചെരുപ്പ് വാങ്ങി. അമ്മ ചോദിച്ചു "മോനേ.. നിനക്ക് എവിടെ നിന്നാണ് ഈ ചെരുപ്പ് വാങ്ങാനുള്ള കാശ് കിട്ടിയത്?". അവൻ പറഞ്ഞു "എന്റെ ഒരു ടീച്ചർ എനിക്ക് തന്നതാണ്." എന്ന് നുണ പറഞ്ഞു. അവൻ പതിവുപോലെ തൻ്റെ ജോലികളിലേർപ്പെട്ടു തന്റെ റേഷൻ കടയിൽ അരി തൂക്കാൻ പോവും ,മീൻ കടയിൽ മീൻ വെട്ടാൻ പോവും ,തുണിക്കടയിൽ തുണി എടുത്തുകൊടുക്കാൻ നിൽക്കും.അങ്ങനെ പല പണിക്കും അവൻ പോവും. അങ്ങനെ അവൻ 10-ാം ക്ലാസിൽ ഫുൾ എ പ്ലസ് വാങ്ങിയെങ്കിലും അവന് പ്ലസ് വണ്ണിൽ സീറ്റ് കിട്ടിയില്ല. പിന്നെയും അവൻ കളിക്കാൻ പോകുന്നു എന്ന് പറഞ്ഞ് ജോലിക്ക് പോകും. ദിവസവും അവൻ പോകാറുണ്ടായിരുന്നു. ഒരു ദിവസം അമ്മ റേഷൻ കടയിൽ പോയപ്പോൾ അവിടെ വെച്ച് .അവിടെ വച്ച് അവനെ കണ്ടു. അമ്മയുടെ കണ്ണിലൂടെ പൊടുന്നനെ വെള്ളം.വെള്ളം ധാരയായി ഒഴുകി . പണത്തിനേക്കാൾ വലുത് സ്നേഹമാണ്. ഒത്തു പിടിച്ചാൽ മലയും പോരും.

ഷെഫ്‌ന എച്ച്



# കാത്തിരിപ്പ്

ഒരു പൂവ് പോലെ കൊഴിയാതിരിക്കട്ടെ
ഒരു വേനലിലും തളരാതിരിക്കട്ടെ
വരാനൊരു വസന്തമുണ്ട് കാത്തിരിക്കാം
വരും വരാതിരിക്കില്ല നീ വസന്തമായ്

അനുഗ്രഹ ആർ



























# കാഴ്ച 2024




















# അധ്വാനത്തി ന്റെ ഉപ്പ്



പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു പാവപ്പെട്ട ഒരു കുടുംബം ഉണ്ടായിരുന്നു. വളരെ കഷ്ടപ്പെട്ട് ജീവിച്ചുവരുകയായിരുന്നു അവൻ. ഓരോ ദിവസവും കഴിഞ്ഞുപോകുന്നത്. അവർക്ക് ഒരു മകനുണ്ടായിരുന്നു. അവന്റെ പേര് അരുൺ എന്നാണ്. അവൻ വളരെ ദയാലുവും ബുദ്ധിമാനുമായിരുന്നു. അവന്റെ കുടുബത്തെക്കുറിച്ചോർത്ത് അവന് വളരെ വിഷമമുണ്ടായിരുന്നു. അവന്റെ അച്ഛന് കൂലിപ്പണിയാണ്. വളരെ തുച്ഛമായ പണംകൊണ്ടാണ് അവർ ജീവിച്ചിരുന്നത്. ഒരു കുഞ്ഞുകുടിലിലാണ് അവർ താമസിച്ചിരുന്നത്. മഴയത്തും വെയിലത്തും കാറ്റത്തുംമൊക്കെ അവരെ താങ്ങിനിർത്തുന്നത് ആ കുടിലാണ്. അവന്റെ കാര്യം പോലും മറന്ന് കുടുംബത്തെ രക്ഷിച്ചു കഴിയുന്ന പാവപ്പെട്ട ഒരു കൂലിപ്പണിക്കാരൻ. പാടത്തും പറമ്പിലുമൊക്കെ വിയർപ്പൊഴുക്കി അധ്വാനിച്ചു കഴിയുന്നു. ഒരു ദിവസം അവൻ ജോലികഴിഞ്ഞുവരുമ്പോൾ , ഒരു വണ്ടിവന്നിടിച്ചു. അവന് വളരെയേറെ പരിക്കുപറ്റി. പിന്നെ അവന്റെ രണ്ടു കാലുകളും തളർന്നു. കുടുംബം പട്ടിണയായി. ആകെയുള്ള ആശ്രയമായിരുന്ന അവൻ. തന്റെ മകൻ ഒരു പത്താം ക്ലാസ് വിദ്യാർത്ഥിയായിരുന്നു. മകന്റെ സ്കൂൾ ഫീസിനുപോലും പൈസയില്ലായിരുന്നു. അങ്ങനെ അരുൺ അവന്റെ അച്ഛന്റെ അടുത്തുച്ചെന്ന് പറഞ്ഞു. "അച്ഛൻ വിഷമിക്കേണ്ട ഞാൻ ഒരു ജോലി കണ്ടുപിടിച്ചിട്ടുണ്ട്." അച്ഛൻ മനസ്സില്ലാ മനസ്സോടെ തലയാട്ടി. എന്തുചെയ്യണമെന്ന് അവന് മനസ്സിലായില്ല. അവൻ സ്കൂളിലേക്കു പോയും ജോലിക്കുപോയും തന്റെ കുടുംബത്തെ സംരക്ഷിച്ചു. ഇത്ര ചെറുപ്പത്തിൽ തന്നെ ജോലിച്ചെയ്ത് ജീവിക്കുന്നു. അതിൽ നിന്നും കിട്ടുന്ന പൈസ കൊണ്ട് അവന്റെ കുടുംബത്തെയും അച്ഛന്റെ ചികിത്സയുമെല്ലാം നോക്കുന്നു. അധ്വാനത്തിന്റെ ഉപ്പ് അപ്പോഴും ഒഴുകിക്കൊണ്ടിരുന്നെങ്കിലും അവൻ സന്തോഷവാനായിരുന്നു. അവൻ തന്റെ കുടുംബത്തെയും അച്ഛന്റെ ചികിത്സയേയും ഓർത്ത് തളർന്നുപോയിരുന്നെങ്കിൽ ഈ കുടുംബത്തെ ഇപ്പോൾ അവന് രക്ഷിക്കാൻ കഴിയുമായിരുന്നില്ല. അങ്ങനെ അവൻ സുഖമായി ജീവിച്ചുപോന്നു. "ആപത്തുകളിൽ തളരാതെ മുന്നോട്ട് പോവുക" എന്ന സത്യം അവൻ മനസ്സിലാക്കി.

"ആപത്തിൽ ആരും
തളരരുത്,
തളരാതെ മുന്നോട്ടു
പോവുക."

റിതു വി

# കടൽ



നീലനിറത്തിൽ ഉപ്പുനാറും കടൽ,
ഭക്ഷണത്തിൻ രുചിയുണ്ടാക്കും കടൽ
പല, പല മത്സ്യങ്ങൾ നീന്തിത്തുടിക്കും
ഹാ! എന്ത് മനോഹരം
പല നിറത്തിൽ മുത്തുകൾ കിട്ടും
വായ തുറന്നു വച്ച പൊൻചിപ്പികൾ

അധ്വാനത്തിന്റെ ഉപ്പ്
അപ്പോഴും ഒഴുകിക്കൊണ്ടിരുന്നു
ഉപ്പിന്റെ വില എന്തെന്നറിയണമെങ്കിൽ
ഉപ്പ് ഇല്ലാതിരിക്കണം

ഭക്ഷണത്തിൽ രുചിക്കൂട്ടും ഉപ്പ്,
ഭക്ഷണം കഴിക്കാൻ മത്സ്യം
എല്ലാത്തിനും കടലമ്മ

ജ്യോതിക ജെ

# കടൽമനോഹരം

കടൽത്തീരം മനോഹരം
കടലാകും എൻമനം
കടലുപ്പും എൻസുഗന്ധം
കടൽ എൻ ലോകം



കടൽ നീന്തിത്തുടിക്കും
എൻ മനസ്സിൽ
കടലിലെ തിരമാലകൾ
എൻ സംഗീതം
ഉപ്പ് ഒഴുകിക്കൊണ്ടിരുന്നെങ്കിലും
അധ്വാനത്തിന്റെതാണത്

**അനന്യ എൻ**



# ഏകാന്തത

ഏകാന്തതയിൽ എൻ മന-
മൊരുകടലായ് മാറീടുന്നു
ചില നേരെ തികൾ ക്രൂരമാ-
യെന്നെ വേട്ടയാടീടുന്നു
ചില നേരെ കടൽ ജലം പോലെ
എന്തോ ഒന്ന് അറിയാതെവ-
ന്നെൻ ചുണ്ടിൽ പതിച്ചീടുന്നു.
അന്നേരമെൻ വ്രണങ്ങൾ
വീണ്ടും നീറീടുന്നു.
നീറ്റലിൽ ഒരു സുഖം കണ്ടെത്തുന്നു,
ഞാൻ വീണ്ടും വീണ്ടും.
ഏകാന്തതയിൽ മുഴുകാൻ ശ്രമിച്ചീടുന്നു.

വർഷ ശിവൻ

# ഞങ്ങൾ



































# കാഴ്ച 2024
















## ചങ്ങലകൾ

കനൽ മങ്ങാത്ത അവളിലെ പാടുകൾ
തിരിഞ്ഞു നടന്ന വെളിച്ചത്തെ
മിഴിച്ചു നോക്കി

മതിലുകളിൽ പാർത്ത
ഒറ്റച്ചിറകുള്ള ചങ്ങലകൾ
പിറുപിറുത്തു

എന്റെ കുത്തിവരകളിൽ
അവ തറഞ്ഞു നിന്നു

മിൻഹ എസ്



## പ്രതീക്ഷ

അവൾ
തുന്നിക്കൂട്ടിയ
വിരഹങ്ങൾ
നാളെ ആ
ചില്ലയിൽ
പൂവിടുമോ എന്ന്
അറിയില്ല.

കാറ്റിന്റെ ബാക്കിയായി
പൊഴിഞ്ഞ ഇതളുകൾ
പുതുതായി വിടരുന്ന നേരം
അവളെ തഴുകിയുണർത്തിയ
പ്രകാശത്തിന്റെ മാത്രയിൽ
ആ പ്രതീക്ഷകളും
പുതുതായി പൂവിടും.

**അനശ്രീ എച്ച്**



## ഭൂതകാലം

ഒന്നു തിരിഞ്ഞു
നോക്കാം
പക്ഷെ തിരിച്ചെത്താൻ
പറ്റില്ല
അതെന്നെ നോക്കി പൊട്ടിച്ചിരിക്കാം
തൊടാൻ പറ്റാത്തത്ര ഓടിയകലും
അവസാനം.

എന്നെ ചോദ്യങ്ങളിലും ഇരുട്ടിലാക്കി
ഒളിച്ചിരിക്കും
ദുഃഖങ്ങളും സന്തോഷങ്ങളും
വഴിയിൽ ചവറുപോലെ
ചിതറി കിടക്കും
അവരുടെ ഗന്ധം
കൂടിച്ചേർന്ന്
എന്നിലേക്കടുക്കാൻ
ശ്രമിക്കുമ്പോൾ

**മിൻഹ എസ്**



# പോർവിളികൾക്കു ശേഷം

ഇടിമുഴക്കം പേടിച്ചൊളിഞ്ഞു നിന്നു
ആദിത്യൻ ആതിയോടെ നോക്കിനിന്നു
ഭൂമിയുടെ കാതുകൾ നിലവിളികളാൽ നിറഞ്ഞു
കണ്ണീരാൽ സമുദ്രം കരകവിഞ്ഞു
മനുഷ്യമൃഗത്തിന്റെ മനസ്സ് പകകൊണ്ട് പുകഞ്ഞു
മണ്ണ് ജഡങ്ങളാൽ നിറഞ്ഞു

**വർഷ ശിവൻ**



# അപ്പുവും തുമ്പിയും

കോരിച്ചൊരിയുന്ന മഴയത്തു ഇരുട്ടിൽ നിന്നൊരു തേങ്ങൽ കേട്ടു അപ്പു വീടിനു പുറത്തിറങ്ങി നോക്കി നല്ല മഴ .രാത്രി ആയതു കൊണ്ട്  ഒന്നും കാണാൻ പറ്റുന്നില്ല. അപ്പു വലിയ ധൈര്യശാലിയായിരുന്നു. അവൻ വീട്ടിൽ ഒറ്റയ്ക്കാണ്.അവന്റെ അമ്മ അവന്റെ ചെറുപ്പത്തിൽ തന്നെ മരിച്ചുപോയി. അവന്റെ അച്ഛൻ അത്യാവശ്യമായ കൂട്ടുകാരന്റെ വീട്ടിൽ പോയിരിക്കുകയാണ്. അവൻ കുടയും ടോർച്ചും എടുത്ത് വീട്ടിനു പുറത്തിറങ്ങി ചുറ്റും നോക്കി. പുല്ലുകൾക്കിടയിൽ ഒരു അനക്കം കേട്ട് അവൻ  അതിന്റെ അടുത്തേക്ക് ചെന്നു.അവിടെ ഒരു പാവം പൂച്ചക്കുട്ടിയിൽ കിടന്നു തേങ്ങിക്കൊണ്ടിരിക്കുന്നു.അവൻ ആ പൂച്ചക്കുട്ടിയുടെ അടുത്ത് പോയി നോക്കിയപ്പോൾ പാവം ആ പൂച്ചക്കുട്ടിയുടെ ദേഹത്ത് മുറിവ് പറ്റിയിരിക്കുന്നു. പൂച്ചകുട്ടിയെ എടുത്ത് വീട്ടിനകത്തേക്ക് കൊണ്ടുപോയി പാവം ആ പൂച്ച കുട്ടിക്ക് നല്ല വിറയിൽ ഉണ്ടായിരുന്നു. അവൻ ആ പൂച്ചക്കുട്ടിയെ തുണികൊണ്ട് തുടച്ച് മുറിവ് പറ്റിയ ഇടത്ത് മരുന്ന് വെച്ചുകൊടുത്തു.ആ പൂച്ചക്കുട്ടി വളരെയധികം ക്ഷീണിച്ചിട്ടുണ്ടായിരുന്നു.അപ്പു അതിനു കുടിക്കാൻ ഒരു പ്ലേറ്റിൽ പാല് കൊടുത്തു. ആ പൂച്ചക്കുട്ടി വേഗം പാൽ കുടിക്കാൻ തുടങ്ങി. പാൽ കുടിക്കുമ്പോൾ അപ്പു ആ പൂച്ചകുട്ടിയെ തലോടി. അപ്പോഴാണ് ഒരു ശബ്ദം കേട്ടത്, ട്ട്.... ട്ട്..... ട്ട്.... അപ്പൂ... അപ്പൂ..... , അപ്പു ചെന്ന് വാതിൽ തുറന്നു.അത് അപ്പുവിന്റെയും അച്ഛനായിരുന്നു അച്ഛൻ അപ്പുവിനോട് ചോദിച്ചു. "നീ ഇത്രനേരം എന്തു ചെയ്യുകയായിരുന്നു, ഞാൻ വിളിച്ചത് കേട്ടില്ലേ".അപ്പു പറഞ്ഞു "അത് അച്ഛാ പൂച്ച" അച്ഛൻ ചോദിച്ചു "പൂച്ചയോ" അപ്പു കാര്യങ്ങൾ വിശദീകരിച്ചു.

ഇത് കേട്ടപ്പോൾ അച്ഛന് വളരെയധികം സന്തോഷമായി. തന്റെ മകന്റെ സ്നേഹവും അവന്റെ നല്ല മനസ്സും അച്ഛനെ സന്തോഷവാനാക്കി അവന്റെ അച്ഛനും പൂച്ചക്കുട്ടിയെ വളരെ ഇഷ്ടമായി അവൻ പൂച്ചക്കുട്ടിക്ക് തുമ്പി എന്ന് പേരിട്ടു.അവൻ പൂച്ചക്കുട്ടിയെ വളർത്തി കാലങ്ങൾ കടന്നുപോയി അപ്പു വലുതായി കൂട്ടത്തിൽ പൂച്ചക്കുട്ടിയും

ഒരു ദിവസം അപ്പൂസ് സ്കൂളിൽ പോകാൻ ഒരുങ്ങിക്കൊണ്ടിരിക്കുമ്പോൾ അപ്പുവിന്റെ അച്ഛൻ പറഞ്ഞു "അപ്പു വാ വന്ന് ഭക്ഷണം കഴിക്കു" അപ്പു ചെന്ന് ഭക്ഷണം കഴിച്ചു. ഭക്ഷണം കഴിച്ചു കഴിയുമ്പോഴേക്കും സമയം 8:15 ആയി. അവൻ വേഗം ഭക്ഷണം കഴിച്ച് കൈ കഴുകി അച്ഛനോട് യാത്ര പറഞ്ഞിട്ട് സ്കൂളിലേക്ക് പോയി തുമ്പിയും കൂടെ പോയി. പക്ഷെ അവൻ അത് കണ്ടില്ല. റോഡിനപ്പുറത്താണ് സ്കൂൾ. അപ്പു റോഡിനപ്പുറത്തേക്ക് പോയി പുറകിൽ തുമ്പിയും. റോഡിനപ്പുറത്ത് എത്തി. പുറകിൽ  തുമ്പിയെ എതിരെ വന്ന ഒരു ലോറി ഇടിയിട്ടു, ശബ്ദം കേട്ട് തിരിഞ്ഞുനോക്കി "തുമ്പി....." എന്ന് വിളിച്ച് കരഞ്ഞുകൊണ്ട് അപ്പു ഓടിപ്പോയി. അടുത്തു നിന്നിരുന്ന ആൾക്കാരുടെ സഹായത്തോടെ പൂച്ചയെ ആശുപത്രിയിൽ എത്തിച്ചു.

പക്ഷേ അപ്പോഴേക്കും സമയം വൈകിയിരുന്നു തുമ്പി അപ്പോഴേക്കും മരിച്ചിരുന്നു.ഈ വാർത്ത അറിഞ്ഞപ്പോൾ അപ്പു പൊട്ടിക്കരഞ്ഞു ആളുകൾ  അപ്പുവിന്റെ അച്ഛനെ വിവരം അറിയിച്ചു. അവന്റെ അച്ഛൻ ആശുപത്രിയിൽ വന്നെത്തിയപ്പോൾ കണ്ടത് അപ്പു

ഒരദ്ധ്യായന വർഷം കഴിഞ്ഞു
പോകുമ്പോൾ കാലം നമ്മെ
വിട്ടുമുന്നോട്ടു പോകുന്നു.
ഇവിടെ കാലം ബാക്കിയിട്ടു
പോകുന്നതും നമ്മോട്
ചേർത്ത് വയ്ക്കുന്നതുമായ ചില
പൊൻതൂവലുകൾ



